"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിന് വേണ്ടി സ്ഥലം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ(സാധാ)നം.7169/2022/ധന** **തീയതി, തിരുവനന്തപുരം, 25/10/2022**

---

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 05/04/2022, 11/08/2022 തീയതികളിലെ ഡി.കെ.എസ്.എ.853/ആർ2/2022-നമ്പർ കത്ത്

2. 10/03/2021 ലെ സ.ഉ(സാധാ) നം 2239/2021/ധന

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള സ്ഥലസൗകര്യമില്ലാത്തതിനാൽ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി കൂടുതൽ സ്ഥലം വാടകയ്ക്കെടുക്കുന്നതിനുള്ള അനുമതി പരാമർശം 1 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കെട്ടിടത്തിൽ തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയം നിലവിൽ പ്രവർത്തിക്കുന്ന 1821 ച.അടി സ്ഥലം ഒഴിയണമെന്ന നിബന്ധനയോടെ, പരാമർശം 2 ഉത്തരവ് പ്രകാരം അനുവദിച്ച 1714.82 ച.അടി സ്ഥലത്തോട് ചേർന്നുള്ള 2292 ച.അടി സ്ഥലം കൂടി തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിന് വേണ്ടി വാടകയ്ക്ക് എടുക്കുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വാടക കരാർ യഥാസമയം പുതുക്കുന്നതിനുള്ള നടപടി ഓഡിറ്റ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഇ-1353425)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ